പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1292 — 13/07/2016 ൽ മറുപടിയ്ക്ക്

## ബോട്ടുദുരന്തം

### ചോദ്യം

**ശ്രീ. ജോൺ ഫെർണാണ്ടസ്**

(എ) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ടുകൊച്ചി - വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ടുദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നല്കിയെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രത്യേക സഹായ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; ആയതിൽ എന്തെല്ലാം നടപ്പിലാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്നത്തെ സർക്കാർ പ്രഖ്യാപിച്ച അന്വേഷണത്തെ തുടർന്ന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ), (ബി), (സി) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ട് കൊച്ചിയിലുണ്ടായ ബോട്ട് ദുരന്തത്തിൽ മരിച്ച 11 പേരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്നും 5 ലക്ഷം രൂപ വീതം 09.09.2015 ലെ സ.ഉ.(എം.എസ്.) നം445/15/റവ പ്രകാരം അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. ഈ ബോട്ടപകടത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 02/09/2015-ൽ സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തിയിരുന്നു. ടി ബോട്ടപകടം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ നിർ ദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർ ദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ